**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5425** **25.10.2011- ൽ മറുപടിക്ക്**

**പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി. ഇ.എസ് ബിജിമോൾ** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി)** |
| (എ) | ഇടിമിന്നൽ ഏറ്റ് മരണമടയുന്നവരുടെ കുടുംബത്തിന് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ; | (എ) & (ബി) | പ്രകൃതിക്ഷോഭ ദുരിതാശ്വാസ മാനദണ്ഡത്തിൽ ഇടിമിന്നൽ മൂലമുള്ള നാശനഷ്ടങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇടിമിന്നൽ മൂലമുള്ള നാശനഷ്ടങ്ങൾ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ട്. |
| (ബി) | ഇടിമിന്നൽ ഏറ്റ് നാശനഷ്ടം സംഭവിച്ച വീടുകളുടെ ഉടമസ്ഥർക്കോ, ചെറുകിട വ്യാപാരസ്ഥാപനങ്ങളുടെ ഉടമകൾക്കോ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം നൽകിവരുന്നുണ്ടോ; എങ്കിൽ നഷ്ടപരിഹാരം നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; | | |
| (സി) | കഴിഞ്ഞ വേനൽമഴയിൽ വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്ന് 1 ലക്ഷം രൂപ വീതം നൽകുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായും തകർന്ന വീടുകൾക്ക് കലാമിറ്റി റിലീഫ് ഫണ്ടിൽ നിന്നുള്ള 35000/- രൂപയും സർക്കാരിന്റെ പ്രത്യേക വിഹിതമായ 65000/- രൂപയും ചേർത്ത് 1 ലക്ഷം രൂപ നല്കി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**